# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1690 5/12/2014 ൽ മറുപടിയ്ക്ക്

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഉല്പാദന വർദ്ധനവിനായി നെൽകൃഷിയിലും മറ്റ് കാർഷിക വിളയിലും ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും മനുഷ്യജീവനും ആരോഗ്യത്തിനും ജൈവസമ്പത്തിനും വൻ ഭീഷണിയായി മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം തടയുന്നതിനായി കൃഷി വകുപ്പ് കർഷകർക്ക് ബോധവൽക്കരണ പരിശീലന പരിപാടികൾ എല്ലാ കൃഷി ഭവൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും മണ്ണു സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിന് വളപ്രയോഗം നടത്തുവാൻ കർഷകരെ ഉപദേശിക്കുകയും,ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തിരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന-തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 2500 ഹെക്ടർ പ്രദേശത്ത് ജൈവ സർട്ടിഫിക്കേഷൻ, കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, പച്ചിലവള കൃഷി, പ്രദർശനത്തോട്ടം, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ കോഴിക്കോട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ 2000 ഹെക്ടർ പ്രദേശത്ത് ജൈവ സർട്ടിഫിക്കേഷന് ധനസഹായം, ജൈവകൃഷി മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. എല്ലാ നിയോജകമണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിലും ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്. |
| (സി) | മിഷൻ 676 വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; അതിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ? | (സി) | മിഷൻ 676 ന്റെ ഭാഗമായി വിള ആരോഗ്യ പരിപാലന പദ്ധതി 2013 - 14 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 69 ബ്ലോക്കുകളിലെ 481 കൃഷി ഭവനുകളിലെ കീടരോഗ നിരീക്ഷണ യൂണിറ്റുകൾ വഴി കർഷകർക്ക് കീടരോഗനിയന്ത്രണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശവും, സഹായവും യഥാസമയം ലഭ്യമാക്കി വരുന്നതു മൂലം കീടനാശിനികളെ ആശ്രയിക്കുന്നത് ഒരു പിരിധി വരെ നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ